പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3463 29.01.2014 - ൽ മറുപടിക്ക്

ക്ഷേമ പെൻഷനുകൾ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. എം. ഉമ്മർ
ശ്രീ. പി.ബി.ആബ്ദുൾ റസാക്
ശ്രീ. എൻ എ. നെല്ലിക്കുന്ന്
ശ്രീ. സി, മമ്മൂട്ടി

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്ഷേമ പെൻഷനുകളുടെ പ്രതി മാസ നിരക്ക് നിശ്ചയിക്കുന്ന തിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി യ്ക്കനുസൃതമായിട്ടാണ് പെൻഷന്റെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചിരിക്കു ന്നത്. അതിന് ജീവിത നിലവാര സൂചികയുമായി ബന്ധമില്ലെങ്കിലും കാലാനുസൃതമായ വർദ്ധനവുകൾ പെൻഷന് വരുത്താറുണ്ട്. |
| (ബി) | ക്ഷേമ പെൻനുകൾ അതതുമാസം തന്നെ അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | ബാങ്ക് അക്കൗണ്ടു വഴിയുള്ള ക്ഷേമ പെൻഷൻ വിതരണം പ്രാബല്യ ത്തിൽ വന്നാൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ അതാതു മാസം തന്നെ ക്ഷേമ പെൻഷനുകൾ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ അതിനായി അടുത്തുള്ള ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) | 2013 - ഏപ്രിൽ മുതൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായം വഴി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് ബാങ്കുകളിലും പോസ്റ്റോഫീസുകളിലും സീറോ ബാലൻസ് അക്കൗണ്ടുകൾ തുടങ്ങാ നാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ